ടൂറിസ്റ്റുകൾക്ക് പൊതു ആവശ്യത്തിലേക്കായി വാഹനങ്ങൾ വാടകയ്ക്ക് നൽകിയ നടപടി

136 (2415) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളിൽ ടൂറിസ്റ്റുകൾക്ക് പൊതു ആവശ്യത്തിലേക്കായി വാഹനങ്ങൾ വാടകയ്ക്ക് നൽകുവാൻ ഏതെങ്കിലും വ്യക്തികളേയോ സ്ഥാപനങ്ങളേയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങളും അതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ കോപ്പിയും ലഭ്യമാക്കുമോ ;

(സി) 2002 ഡിസംബർ ഒന്ന് മുതൽ 2003 മേയ് 31 വരെ പൊതു ആവശ്യത്തിനായി ടൂറിസ്റ്റുകൾക്ക് വാഹനം വാടകയ്ക്ക് എടുത്തതിൽ സർക്കാരിനുണ്ടായ ചെലവ്, മാസം, ജില്ല തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

ഗസ്റ്റ് ഹൗസുകളിൽ നിലനിൽക്കുന്ന സർചാർജ് പിൻവലിക്കാൻ നടപടി

137 (2416) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, കോവളം ഗസ്റ്റ് ഹൗസുകളിൽ മന്ത്രിമാർ, ജനപ്രതിനിധികൾ, സർക്കാർ ജീവനക്കാർ എന്നിവരിൽ നിന്നും ഭക്ഷണത്തിന് 10 ശതമാനം മുതൽ 15 ശതമാനം വരെ നിരക്കിൽ സർചാർജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തിലെ മറ്റ് ഗസ്റ്റ് ഹൗസുകളിൽ നിന്നും വ്യത്യസ്തമായി ഇത്തരത്തിൽ സർചാർജ് ഈടാക്കുന്നതിന്റെ അടിസ്ഥാനമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഈ രണ്ട് ഗസ്റ്റ് ഹൗസുകളിൽ മാത്രം നിലനിൽക്കുന്ന സർചാർജ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ 10 മുതൽ 15 ശതമാനം വരെ നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കുന്നുണ്ട്.

184/2013

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടൂറിസം വകുപ്പിന്റെ കീഴിലുള്ള കേരളത്തിലെ എല്ലാ ഗസ്റ്റ് ഹൗസുകളിലും മേൽ നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കുന്നുണ്ട്.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

വേളി ടൂറിസം വില്ലേജിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ

138 (2417) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേളി ടൂറിസം വില്ലേജിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഗവൺമെന്റിന് ഉദ്ദേശ്യമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്താൻ പദ്ധതിയിട്ടുള്ളത് ;

(സി) ഇതിന്റെ പണി എപ്പോൾ പൂർത്തിയാകും ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫ്ളോട്ടിംഗ് ബ്രിഡ്ജ്, ടോയിലറ്റ് കോംപ്ലക്സ് ഇവയുടെ നിർമ്മാണം പൂർത്തിയായി. തുടർന്ന് ഒരു ടോയിലറ്റ്, ഫ്ളോട്ടിംഗ് റെസ്റ്റോറന്റ്, വില്ലേജ് മിനി മാസ്റ്റ് ലൈറ്റിംഗ്, ബോട്ട് സർവ്വീസ് എന്നീ സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്തുന്നത്.

(സി) ഈ സാമ്പത്തിക വർഷത്തിൽ തന്നെ പണി പൂർത്തിയാക്കാനാകുമെന്ന് കരുതുന്നു.

കുമരകം വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിന് നടപടി

139 (2418) ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം നിയോജകമണ്ഡലത്തിലെ കുമരകം വിനോദസഞ്ചാര കേന്ദ്രമായി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത് ;

(ബി) വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രധാനമന്ത്രിയുടെ കുമരകം സന്ദർശനത്തോടുകൂടി ദേശീയ-അന്തർദേശീയ തലത്തിൽ അറിയപ്പെടുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമായി കുമരകം മാറി ടൂറിസം വകുപ്പ് പങ്കെടുക്കുകയും സംഘടിപ്പിക്കുകയും ചെയ്യുന്ന ദേശീയ-അന്തർദേശീയ മേളകളിൽ കുമരകത്തിന് പ്രത്യേകം പ്രാധാന്യം നൽകുന്നുണ്ട്. കൂടാതെ ദേശീയ-അന്തർദേശീയ മാധ്യമങ്ങളിൽ ടി കേന്ദ്രത്തിന് വലിയ പ്രാധാന്യവും പ്രസിദ്ധീകരണവും നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly